# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3658 19.02.2013-ൽ മറുപടിക്ക്

**നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് സി.എൽ.ആർ.തസ്തികയിൽ സ്ഥിര നിയമനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | **ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ഇപ്പോൾ സി.എൽ.ആർ. തസ്തികയിൽ സ്ഥിര നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; | (എ) | നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ജോലി ചെയ്യുന്ന സി.എൽ.ആർ. ജീവനക്കാർക്കായി പ്രത്യേകം സീനിയോറിറ്റി ലിസ്റ്റില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ സി.എൽ.ആർ. തസ്തികയിൽ നിന്നും സ്ഥിര നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ സ്ഥിരപ്പെടുത്തി നിയമനം നൽകിയിട്ടുണ്ട് ; | (ബി) | ടി ലിസ്റ്റിൽ നിന്നും 23 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് |
| (സി) | പ്രസ്തുത തസ്തികയിൽ 30 വർഷത്തിന മുകളിൽ ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തി നിയമനം നൽകുമോ; | (സി) | G.O.(P) No.6/90/PW&T, dated 20.01.1990 പ്രകാരമുള്ള ലിസ്റ്റിൽ നിന്നും 19.05.1983 നും 01.04.1987 നും ഇടയിൽ 500 ദിവസം ഹാജർ രേഖപ്പെടുത്തിയിട്ടുള്ളവരെ എസ്.എൽ.ആർ. തസ്തികയിൽ നിയമിക്കുകയും തുടർന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എസ്റ്റാബ്ലിഷ്മെന്റിലേക്ക് നിയമിച്ച് സ്ഥിരപ്പെടുത്തുകയും ചെയ്തുവരുന്നു. |
| (ഡി) | വിവിധ ആരോഗ്യ പ്രശ്നങ്ങളാൽ പ്രസ്തുത തസ്തികയിൽ കഴിഞ്ഞ 30 വർഷത്തിന് മുകളിൽ ജോലി ചെയ്തു വരുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസ വേതനവും ബോണസ്സും നൽകാറുണ്ട്. വിവിധ ആരോഗ്യ പ്രശ്നങ്ങളാൽ 30 വർഷത്തിന് മുകളിൽ ജോലി ചെയ്തു വരുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ